(20) മലപ്പുറത്തെ ആനക്കയം അർബൻ വാട്ടർ സപ്ലൈ സ്കീം

ശ്രീ. എം. കെ. മുനീർ : സർ, മലപ്പുറം നിയോജകമണ്ഡലത്തിലെ ആനക്കയം പഞ്ചായത്തിൽ എൽ.ഐ.സി.യുടെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കുന്ന കുടിവെള്ളപദ്ധതിയാണ് ആനക്കയം അർബൻ വാട്ടർ സ്പ്ലൈ സ്കീം. ഈ പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ മുടങ്ങിക്കിടക്കുകയാണ്. വാട്ടർ ടാങ്കുകൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം പൊന്നും വിലയ്ക്ക് എടുത്തിട്ടുണ്ട്. അവിടെനിന്നും ടാങ്ക് നിർമ്മിക്കുന്ന സ്ഥലംവരെ പൈപ്പുകൾ സ്ഥാപിച്ചിട്ടുള്ളതല്ലാതെ മറ്റ് പ്രവർത്തനമൊന്നും നടത്തിയിട്ടില്ല. ആനക്കയം പഞ്ചായത്തിലേയും സമീപപ്രദേശങ്ങളിലേയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി പര്യാപ്തമായ ഈ സ്കീം എത്രയും പെട്ടെന്ന് കമ്മീഷൻ ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, ആനക്കയം ശുദ്ധജലവിതരണപദ്ധതി എൽ.ഐ.സി.യുടെ സഹായത്തോടുകൂടിയാണ് നടപ്പാക്കുന്നത്. പദ്ധതിയുടെ അടങ്കൽ തുക 756 ലക്ഷം രൂപയാണ്. മഞ്ചേരി പദ്ധതിക്കുവേണ്ടി കടലുണ്ടിപ്പുഴയിൽ നിർമ്മിച്ചിട്ടുള്ള 6 മീറ്റർ വ്യാസമുള്ള കിണർ ഇതിനായി ഉപയോഗപ്പെടുത്തുന്നതാണ്. ശുദ്ധീകരണ ശാലയുടെ നിർമ്മാണ പ്രവർത്തനത്തിന്റെ ടെന്റർ സർക്കാരിന്റെ പരിശോധനയിലാണ്. റാ-വാട്ടർ പമ്പിംഗ് മെയിനിന്റെ പൈപ്പ് ലഭ്യമായിട്ടുണ്ട്. ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെ പ്രവർത്തി പൂർത്തിയായിട്ടുണ്ട്. 11 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണിയുടെ ടെന്റർ ലഭിച്ചു, അത് ഇപ്പോൾ പരിശോധിച്ചുവരികയാണ്. ഈ പദ്ധതിക്കുവേണ്ടി ഗിയറിന്റെ ഡിസൈനിന്റെ പ്രവർത്തി കൺസൾട്ടൻസി മുഖാന്തിരം നടന്നുവരുന്നു. സാധനസാമഗ്രിയുടേയും ഫണ്ടിന്റേയും ലഭ്യതയനുസരിച്ച് ഈ പദ്ധതി വളരെവേഗം പൂർത്തിയാക്കാൻ ശ്രമിക്കുന്നതാണ്.

(21) വർക്കല അർബൻ വാട്ടർ സപ്ലൈ സ്കീമിന്റെ പണി പൂർത്തിയാക്കൽ

ശ്രീ. എ. അലി ഹസ്സൻ : പണി ആരംഭിച്ചു ഏഴ് വർഷം കഴിഞ്ഞിട്ടും പൂർത്തിയാക്കാത്ത എട്ടരക്കോടി രൂപ ചെലവുവരുന്ന വർക്കല അർബൻ വാട്ടർ സപ്ലൈ സ്കീം അടിയന്തിരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, വർക്കല ശുദ്ധജലവിതരണ പദ്ധതിയുടെ പണികൾ 70 ശതമാനം പൂർത്തിയായിട്ടുണ്ട്. ശുദ്ധീകരണശാല, ഉന്നതതല സംഭരണി എന്നിവയുടെ

LIBRARY ARCHIVES Kerala Legislative Assembly

പണികൾ പുരോഗമിച്ചുവരുന്നു. ശുദ്ധീകരണശാലയുടെ കരാർ ഉറപ്പിക്കുന്നതിൽ കാലതാമസം ഉണ്ടാകുകയും ഉന്നതതല സംഭരണിയുടെ പണി കരാറുകാർ ഉപേക്ഷിച്ചുപോകുകയും ചെയ്തു. ശുദ്ധീകരണശാലയുടെ കരാർ ഉറപ്പിച്ച് പണികൾ 60 ശതമാനത്തോളം തീർന്നിട്ടുണ്ട്. ഉന്നതതല സംഭരണിയുടെ ആദ്യത്തെ കരാർ റദ്ദ് ചെയ്ത് ബാക്കി പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വീണ്ടും കരാർ ഉറപ്പിച്ചുനല്കുകയും പുതിയ കരാറുകാരൻ പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കിണറിന്റെ പണി നടത്തിയിരുന്ന കരാറുകാരൻ പണി ഉപേക്ഷിച്ചു പോയതിനാൽ പദ്ധതിയുടെ പണി പൂർത്തിയാക്കുന്നതിന് അപ്രതീക്ഷിതമായി കാലതാമസം നേരിട്ടു. വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും ഈ കാര്യത്തിൽ അവഗണനയും അനാസ്ഥയും ഉണ്ടായിട്ടില്ല. കിണറിന്റെ പണിക്കുള്ള ടെണ്ടർ ലഭ്യമാക്കുവാനുള്ള പ്രയാസമാണ് കാലതാമസത്തിനുള്ള കാരണം. ഈ പ്രശ്നം പരിഹരിക്കപ്പെട്ടാൽ പദ്ധതി 2001 ഡിസംബർ മാസത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(22) വാമനപുരം ജലസേചനപദ്ധതിയുടെ പരിഷ്ക്കരണം

ശ്രീ. പിരപ്പൻകോട് മുരളി : സർ, നിർദ്ദിഷ്ട വാമനപുരം ജലസേചന പദ്ധതിയെ കുടിവെള്ളവിതരണത്തിനും വൈദ്യുതി ഉല്പാദനത്തിനും ഉപയോഗപ്പെടുത്തത്തക്കവണ്ണം ഒരു വിവിധോദ്ദേശ പദ്ധതിയായി പരിഷ്ക്കരിച്ച് നടപ്പിലാക്കാനുള്ള പ്രോജക്ട് റിപ്പോർട്ട് ലഭിച്ച പശ്ചാത്തലത്തിൽ ഈ പദ്ധതി നടപ്പിലാക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ, ബന്ധപ്പെട്ട മന്ത്രിമാർ, എം.എൽ.എ.മാർ , പ്ലാനിംഗ് ബോർഡ് സെക്രട്ടറി, ഗവൺമെന്റ് സെക്രട്ടറിമാർ എന്നിവരുടെ സംയുക്തയോഗം തീരുമാനിക്കുകയും ബഡ്ജറ്റ് പ്രസംഗത്തിന്റെ മറുപടിയിൽ ധനകാര്യവകുപ്പുമന്ത്രി അത് അംഗീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ ഈ പദ്ധതി നടപ്പിലാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, വാമനപുരം പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചത് തിരുവനന്തപുരം ജില്ലയിലെ കൃഷിവികസനം ലക്ഷ്യമാക്കി മാത്രമായിരുന്നു. കേന്ദ്ര അനുമതി ലഭിച്ചതിനെത്തുടർന്ന് 1983-ൽ കേരള സർക്കാർ ഭരണാനുമതി നൽകി. പദ്ധതി പ്രവർത്തനമാരംഭിച്ചുവെങ്കിലും വൃഷ്ടി പ്രദേശത്തേയും റിസർവോയറിന്റെ സമീപ പ്രദേശത്തുള്ള ഭൂ ഉടമകളുടെ എതിർപ്പുകൊണ്ടും പ്രോജക്ടിനുവേണ്ട തുക ലഭിക്കാതിരുന്നതുകൊണ്ടും വേണ്ടത്ര പുരോഗതി കൈവരിച്ചില്ല. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചതുപോലെ , ബഹുമാനപ്പെട്ട സ്പീക്കറുടെ നേതൃത്വത്തിലും, എല്ലാ ജനപ്രതിനിധികളേയും പ്ലാനിംഗ് ബോർഡ് പ്രതിനിധികളേയും പങ്കെടുപ്പിച്ചുകൊണ്ട് നിരവധി

LIBRARY ARCHIVES Kerala Legislative Assembly